# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1502 — 03.12.2018-ൽ മറുപടിക്ക്

## ചെറുമീനുകളെ പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>,, പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | അനിയന്ത്രിതമായ മത്സ്യബന്ധനം ചെറുമത്സ്യങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകളും ഇംപൗണ്ടിംഗ് ഓഫീസർമാരെയും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഫിഷറീസ് സ്റ്റേഷനുകളിലും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ സഹായത്തോടുകൂടി എല്ലാ ദിവസവും കടൽ പട്രോളിംഗ് നടത്തുകയും മത്സ്യബന്ധന യാനങ്ങളിൽ പരിശോധന നടത്തുകയും ചെറു മത്സ്യങ്ങളെ പിടിക്കുന്ന യാനങ്ങൾക്കെതിരെ നടപടി എടുക്കുകയും ചെയ്തുവരുന്നു. 2017 ലെ കെ.എം.എഫ്.ആർ ആക്ട് ഭേദഗതിയിലൂടെ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ജുവനൈൽ ഫിഷിംഗ് ഉൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളുടെ കൂടെ സഹായത്തോടെ ബോധവത്ക്കരണം നടത്തി അവരെ പിൻതിരിപ്പിക്കുക എന്നത് എഫ്.എം.സി കളുടെ ലക്ഷ്യങ്ങളിലൊന്നാണ്. |
| (സി) | മത്സ്യബന്ധനം നടത്താവുന്ന മത്സ്യങ്ങളുടെ വലുപ്പം നിശ്ചയിച്ചിട്ടുണ്ടോ; ചെറുമീനുകളെ പിടിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ശക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ചെറുമീനുകളെ പിടിക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന മത്സ്യബന്ധന വലകളുടെ കണ്ണി വലിപ്പം നിശ്ചയിച്ചുകൊണ്ടും, ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് ഏർപ്പെടുത്തിയും കെ.എം.എഫ്.ആർ ആക്ട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ പഠനങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 58 ഇനം മത്സ്യങ്ങളുടെ നിയമപരമായി പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കിയിട്ടുണ്ട്. ചെറു മീനുകളെ പിടിക്കുന്ന യാനങ്ങളെ കണ്ടെത്തി കെ.എം.എഫ്.ആർ ആക്ട് അനുസരിച്ച് ഇംപൗണ്ട് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ